# കോൾമേഖലയ്ക്കു നഷ്ടം 20 കോടി

Mathrubhumi 01-09-18, P-3




**തൃശ്ശൂർ** ▸ പ്രളയംമൂലം തൃശ്ശൂർ ജില്ലയിലെ കോൾമേഖലയ്ക്കുണ്ടായത് 20 കോടിയുടെ നഷ്ടം. അടിസ്ഥാനവസ്തുക്കൾ നശിച്ചതിന്റെ കണക്കുമാത്രമാണിത്. ഇരുപ്പൂകൃഷി ഒരുക്കങ്ങളെ പ്രളയം അവതാളത്തിലാക്കുകയും ചെയ്തു. മോട്ടോർ സംവിധാനം ഉൾപ്പെടെയുള്ളവ ഉടൻ ശരിയാക്കിയില്ലെങ്കിൽ പലയിടത്തും കൃഷിയിറക്കാനാവില്ല. ഇതു നഷ്ടം വർധിപ്പിക്കും.

120 പാടശേഖരങ്ങളിലായി മുപ്പതിനായിരം ഏക്കർ നെൽകൃഷിയാണ് ജില്ലയിലുള്ളത്. മിക്കസ്ഥലത്തെയും മോട്ടോറുകൾ മുങ്ങിപ്പോയി. നൂറുകണക്കിനു വലിയ മോട്ടോറുകളാണ് കേടായിരിക്കുന്നത്. ഓരോ പാടശേഖരത്തിനും നാലും അഞ്ചും മോട്ടോറുകളാണുള്ളത്.

മോട്ടോറുകൾക്കു പുറമെ ഇതിന്റെ ഭാഗമായ പെട്ടിയും പറയും, ഷെഡുകൾ, ബെൽറ്റ് എന്നിവയെല്ലാം നശിച്ചിട്ടുണ്ട്. മൂന്ന് എച്ച്.പി. മുതൽ 50 എച്ച്.പി .വരെയുള്ള മോട്ടോറുകൾ നശിച്ചവയിൽ പെടുന്നു.

ബണ്ടുകൾ ഇടിഞ്ഞുള്ള നഷ്ടവും വൻതോതിൽ ഉണ്ടായിട്ടുണ്ടെന്ന് കോൾകർഷകസംഘം ചൂണ്ടിക്കാട്ടി. ബണ്ടുകളിലെ മണ്ണ് നഷ്ടപ്പെട്ടു. മുനയം, ഏനാമാക്കൽ, ഇടിയൻചിറ എന്നി ബണ്ടുകൾക്ക് വലിയ കേടുപാടുപറ്റി.

പാടശേഖരങ്ങളുടെ കൈവശമുള്ള ടില്ലർ, ട്രാക്ടർ, കൊയ്ത്തുയന്ത്രം, നടീൽയന്ത്രം തുടങ്ങി നിരവധി ഉപകരണങ്ങളും വെള്ളം കയറി നശിച്ചു. ഇരുപ്പൂകൃഷിയിറക്കേണ്ട പാടശേഖരങ്ങൾക്ക് ഉടൻ സഹായം നൽകണമെന്നും യോഗം ആവശ്യപ്പെട്ടു.

യോഗത്തിൽ പ്രസിഡന്റ് കെ.കെ. കൊച്ചുമുഹമ്മദ് അധ്യക്ഷതവഹിച്ചു. ജനറൽ സെക്രട്ടറി എൻ.കെ. സുബ്രഹ്മണ്യൻ, എൻ.എം. ബാലകൃഷ്ണൻ, കെ.കെ. രാജേന്ദ്രബാബു, കെ.എ. ജോർജ്, കോളങ്ങാട്ട് ഗോപിനാഥൻ, പഴോർ അപ്പുക്കുട്ടൻ, കെ.ജി. ഉണ്ണികൃഷ്ണൻ, എം.ജി. സുഗുണദാസ്, വി.എൻ. ഉണ്ണികൃഷ്ണൻ എന്നിവർ പങ്കെടുത്തു.